ഭാഗ്യക്കുറിയുടെ വിറ്റുവരവ്

65 (462) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ഈ സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെയുള്ള വിറ്റുവരവ് എത്ര രൂപയാണെന്ന് പറയാമോ ;

(ബി) മുൻ സാമ്പത്തികവർഷത്തെ ഇതേകാലയളവിനെക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ അതെത്രയാണെന്ന് പറയാമോ ?

ഉത്തരം

(എ) 109.44 കോടി രൂപ.

(ബി) ഉണ്ട്.

(സി) 25.89 കോടി രൂപ.

സംസ്ഥാന ഭാഗ്യക്കുറിയുടെ 'പാർപ്പിട ബംബർ'

66 (463) ശ്രീ.വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭാഗ്യക്കുറി 'പാർപ്പിട ബംബർ' എന്ന പേരിൽ ഭാഗ്യക്കുറി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇത് എത്രയെണ്ണം നടത്തിയെന്നും വിറ്റുവരവ് എത്രയായിരുന്നുവെന്നും അതിന്റെ ലാഭം എത്രയായിരുന്നുവെന്നും വെളിപ്പെടുത്താമോ ;

(സി) പാർപ്പിട ബംബർ ഒരു തുടർലോട്ടറിയായി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാമോ ;

(ഡി) ജനകീയാസൂത്രപദ്ധതി, ത്രിതലപഞ്ചായത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്നിവയുമായി കൂട്ടി യോജിപ്പിച്ച് ഈ ലോട്ടറി കൂടുതൽ ജനകീയമാക്കുകയും അതുവഴി ഈ ഇനത്തിൽ കൂടുതൽ വരുമാനം ഖജനാവിനുണ്ടാക്കുവാനും പദ്ധതികൾ ആസൂത്രണം ചെയ്യുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു നറുക്കെടുപ്പ് നടത്തിയിട്ടുണ്ട്. ഇതിന്റെ വിറ്റുവരവ് 1,74,24,380 രൂപയാണ്. ലാഭം തിട്ടപ്പെടുത്തിയിട്ടില്ല.

(സി&ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly